**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5915      19.11.2019-ലെ മറുപടിയ്ക്ക്

**<u>കായികക്ഷമതാ മിഷൻ രൂപീകരണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള<br>,, പി.കെ.അബ്ദു റബ്ബ്<br>,, എം.ഉമ്മർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപീകരിക്കുന്നതിനുള്ള തീരുമാനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത, കൈവരിക്കുന്നതിനു വേണ്ടി കേരള സാക്ഷരത മിഷൻ പ്രവൃത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>2020-21 അദ്ധ്യയന വർഷം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത മിഷൻ ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തൊക്കെ ലക്ഷ്യങ്ങൾ ഈ മിഷൻ വഴി കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;വിശദാംശം നല്കാമോ? | | |

**സെക്ഷൻ ഓഫീസർ**